"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആഭ്യന്തര വകുപ്പ് - പോലീസ് വകുപ്പ് - തൃശ്ശൂർ സിറ്റി പോലീസ് കമ്മീഷണറുടെ ചുമതലയിലുള്ള ഡിപ്പാർട്ടുമെന്റ് വാഹനം - KL 01 CN 5263 ബൊലേറോ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1308/2026/HOME തീയതി,തിരുവനന്തപുരം, 07-04-2026

---

പരാമർശം:- സംസ്ഥാന പോലീസ് മേധാവിയുടെ 23.02.2026 തീയതിയിലെ ആർ3-246658/2025/പി.എച്ച്.ക്യൂ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തൃശ്ശൂർ സിറ്റി പോലീസ് കമ്മീഷണറുടെ കീഴിലുള്ള KL 01 CN 5263 ബൊലേറോ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനായി 39,330/- രൂപ 2015-00-109-99-00-21-02-N-V എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകണമെന്ന് സംസ്ഥാന പോലീസ് മേധാവി പരാമർശിത കത്തു പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയ കത്തിലെ വിശദാംശങ്ങളുടെയും ബന്ധപ്പെട്ട രേഖകളുടെയും അടിസ്ഥാനത്തിൽ, തൃശ്ശൂർ സിറ്റി പോലീസ് കമ്മീഷണറുടെ ചുമതലയിലുള്ള KL 01 CN 5263 ബൊലേറോയുടെ അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുന്നതിനായി 39,330/- രൂപ (മുപ്പത്തിയൊമ്പതിനായിരത്തി മുന്നൂറ്റി മുപ്പത് രൂപ മാത്രം) 2026 ലെ നിയമസഭാ തെരെഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് നടപ്പ സാമ്പത്തിക വർഷം 2015-00-106-99-21-02-R&M എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുകയിൽ നിന്നും ചെലവഴിക്കുന്നതിന്, നിലവിലെ ചട്ടങ്ങൾക്കും, നടപടി ക്രമങ്ങൾക്കും വിധേയമായി അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാജീവ് മാത്യു
അണ്ടർ സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം. (അപേക്ഷയോടൊപ്പം ലഭ്യമാക്കിയ എല്ലാ രേഖകളും സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്. (29.03.2026 ലെ വ്യയം-എ3/224/2026-ധന പ്രകാരം)
ഡയറക്ടർ, ഐ&പിആർഡി. (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Divya R S
സെക്ഷൻ ഓഫീസർ
Date: 07-04-2026 12:48:51